**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1665** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേ സംബന്ധിച്ച പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ സർവ്വേ നടപടികളുടെ പുരോഗതി, ഏതൊക്കെ ജില്ലകളിൽ സർവ്വേ നടക്കുന്നു എന്നത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിൽ നിന്നുമായി ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിലേയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും അന്തിമഘട്ടത്തിലാണ്. |
| (ബി) | ഡിജിറ്റൽ സർവ്വേ നടപടികൾ സംബന്ധിച്ച് ഉണ്ടായിട്ടുള്ള വിവിധ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ആദ്യഘട്ടത്തിൽ 14 ജില്ലകളിലായി തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച വില്ലേജുകളിൽ പരാതി ലഭ്യമായിട്ടുണ്ട്. എങ്കിലും പരമ്പരാഗത റീസർവ്വെയുമായി താരതമ്യം ചെയ്യുമ്പോൾ ഡിജിറ്റൽ റീസർവ്വെയിൽ പരാതിയുടെ എണ്ണം തുലോം കുറവാണ്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവ്വെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, പദ്ധതിയുടെ പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും, പദ്ധതി സംബന്ധിച്ച ആശങ്കകൾ പരിഹരിക്കുന്നതിനും ആദ്യഘട്ട സർവ്വെയ്ക്കായി തെരഞ്ഞെടുത്ത വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവ്വെ സഭകൾ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ച് ഡിജിറ്റൽ സർവ്വെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഓരോ വില്ലേജിലും എല്ലാ ഭൂവുടമകളെയും പങ്കെടുപ്പിച്ചുകൊണ്ട് വാർഡ് തലത്തിൽ ജാഗ്രതാ സമിതി സംഘടിപ്പിച്ച് ഡിജിറ്റൽ റീസർവ്വെ സംബന്ധിച്ച അവബോധം നൽകി വരുന്നു. സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതും, ഡിജിറ്റൽ സർവെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും “എന്റെ ഭൂമി” എന്ന ഓൺലൈൻ പോർട്ടലും സജ്ജീകരിച്ചിട്ടുള്ളതുമാണ്. സർവെ ചെയ്യുന്ന വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയും നൽകുന്നതിനുള്ള സംവിധാനവും പദ്ധതിയുടെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ